ബ്രൗൺഷുഗർ വില്പനയ്ക്കെതിരെ നടപടി

71 [76] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, ഇ. എം. അഗസ്തി:

,, സി. പി. മുഹമ്മദ്:

,, എ. സുജനപാൽ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബംഗ്ലാദേശ് കോളനിയിൽ ബ്രൗൺഷുഗർ വിൽക്കുന്നത് ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) അവിടെ ബ്രൗൺഷുഗർ വില്പന നടത്തുന്നതിനെപ്പറ്റി ഇക്കഴിഞ്ഞ നാലു വർഷമായി നടക്കാവ് പോലീസ് സ്റ്റേഷനിലും കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്കും എത്ര പരാതികൾ കിട്ടി;

(സി) ഈ പരാതിയിൻമേൽ ഏതെല്ലാം വിധത്തിലുള്ള അന്വേഷണം നടത്തി;

(ഡി) ബംഗ്ലാദേശ് കോളനിയിലെ ബ്രൗൺഷുഗർ കച്ചവടത്തെപ്പറ്റി 16-12-2004-ൽ വന്ന പത്ര റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തു നടപടിയെടുത്തു എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

1. ബിയ്യാത്തു W/o മുഹമ്മദ്
2. കെ. എ. ചന്ദ്രൻ S/o അയ്യപ്പൻ
3. കാമറു W/o ചന്ദ്രൻ
4. പി. ടി. ഫിറോസ് S/o അബ്ദുൾ റഹ്മാൻ
5. കെ. പി. സലിം S/o അബു
6. ഹാഷിം S/o അബുബക്കർ

(ബി) നടക്കാവ് പോലീസ് സ്റ്റേഷനിൽ 6 പരാതിയും, കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് 12 പരാതിയും കിട്ടിയിട്ടുണ്ട്.

(സി) ബംഗ്ലാദേശ് കോളനിയിൽ റെയ്ഡുകൾ നടത്തി കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. 16-12-2004-ലെ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ റെയ്ഡുകൾ നടത്തി 8 കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly